Talented Bankers Literary Panel
Book Introduction 276.

ഇമ്മിണി ചെറിയ 100 ഒന്ന്
ലിനു മറിയം എബ്രഹാം

പുസ്തകം പരിചയപ്പെടുത്തുന്നത്,
മാധവി വി കെ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
TFCPC, എറണാകുളം.

ടാലന്റഡ് ബാങ്കർ ആയ ലിനു മറിയം എബ്രഹാമിന്റെ പുതിയ പുസ്തകം ആണ് ഇമ്മിണി ചെറിയ 100 ഒന്ന് . ക്യാപ്സ്യൂൾ 22 നു ശേഷം ഇറങ്ങിയതാണ് ഇത് . ക്യാപ്സ്യൂൾ 22 എന്ന പുസ്തകത്തിൽ നമ്മൾ കണ്ട ചെറിയ ചെറിയ കഥകൾ ആണ് ശെരിക്കും ക്യാപ്സ്യൂളുകൾ.

ഇമ്മിണി ചെറിയ 100 ഒന്നിൽ എത്തുമ്പോൾ ഈ കാപ്സ്യൂൾ കഥകൾക്ക് ഒരു പുതിയ രൂപം നൽകുന്നു ലിനു . ഒറ്റവരി കഥകളുടെ ഒരു കൂട്ടം ആണ് ഇതിൽ . കൃത്യമായി പറഞ്ഞാൽ 100 ഒറ്റവരി കഥകൾ . ഒറ്റവരിയിൽ കഥയോ എന്ന ചോദ്യത്തിന്റെ ഉത്തരം ആണ് ലിനുവിന്റെ പുസ്തകം .

ഒരു വരിയെ ഉള്ളു എന്ന് കരുതി തള്ളിക്കളയരുത് .ഓരോ വരി കഥയും ഒരു പ്രമേയം ആണ് ഉള്ളിൽ ഒളിപ്പിച്ചിരിക്കുന്നത് . നമ്മളിൽ ചിന്തകൾ ഉണർത്തുന്ന പ്രമേയങ്ങൾ.

രണ്ട് ചെമന്ന വരകൾ എന്ന കഥ കുഞ്ഞുങ്ങൾക്കായി കാത്തിരിക്കുന്ന ഓരോരുത്തരിലും അവരവരുടെ അനുഭവം അല്ലെ അതെന്ന തോന്നൽ ഉണ്ടാക്കുന്നു . ഓണസദ്യവരെ പാർസൽ ആയെത്തുന്ന ഇന്നത്തെ അവസ്ഥ ആണ് പോസ്റ്റ് ഓണത്തിൽ പറയുന്നത് . ചങ്ങലത്താലി ,തീക്കനൽ ,ധർമകല്യാണം, പാപി , സപ്പ്ളി ,പുസ്തകങ്ങളുടെ അലമാര തുടങ്ങി ഓരോ കഥയും വ്യത്യസ്തമായ കഥകൾ തന്നെ ആണ് . കണ്ണുനീര്തുള്ളിയുടെ നോവ് മനസ്സിൽ ഒരു നൊമ്പരം സൃഷ്ടിച്ചു.
100 ഇനം വിത്തുകൾ നമ്മുടെ കൈകളിലേക്ക് തരികയാണ് ഈ പുസ്തകത്തിലൂടെ എന്നാണ് ലിനു പറയുന്നത്. സത്യമാണത് .
100 വിത്തുകൾ തന്നെയാണ് . പടർന്ന് പന്തലിക്കാൻ കഴിവുള്ള വിത്തുകൾ .

ഇനിയും ഇത്തരം കഥകളുമായി എത്താൻ എഴുത്തുകാരിക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

Publisher Dream book bindery
Cost 150